# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2289 | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതിയുടെ പ്രത്യാഘാതങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയെ ദുർബലപ്പെടുത്തിയതും ചെറുകിട വ്യവസായ മേഖലയിലും വ്യാപാര മേഖലയിലും ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ സംബന്ധിച്ചും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ: | (എ) | ഇതു സംബന്ധിച്ച് പ്രത്യേകം പഠനം നടത്തിയിട്ടില്ല. |
| (ബി) | ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് മെച്ചമായിരിക്കുമെന്നും നികുതി വരുമാനത്തിൽ കുറഞ്ഞത് 20 ശതമാനമെങ്കിലും നേട്ടമുണ്ടാകുമെന്നും വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നോ ; ഇപ്പോൾ 6 മാസം കൊണ്ട് ഉണ്ടായ നേട്ടം എത്ര രൂപയാണ് ;നഷ്ടമാണെങ്കിൽ ആയത് എത്ര ശതമാനമാണ്; ചരക്ക് സേവന നികുതി വരുന്നതിനു മുമ്പുള്ള ആറുമാസത്തേയും വന്നതിനു ശേഷമുള്ള ആറുമാസത്തെയും നികുതി വരുമാനം ഉൾപ്പെടെ | (ബി) | ഇല്ല. GST ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്വം വരുംകാലങ്ങളിൽ കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.<br>സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ, ജി.എസ്.ടി വരുമാനം ലഭിക്കുന്നതിനു മുമ്പുള്ള മാസങ്ങളിലെ (ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ) ശരാശരി വാണിജ്യനികുതി വരുമാനം 1,584.27 കോടി രൂപയാണ്.<br>എന്നാൽ, ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ; | | പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയ ശേഷം ഓരോ ദ്വൈമാസവും സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയായി കണക്കാക്കിയിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ ജി.എസ്.ടി ഇനത്തിൽ ലഭിക്കുന്ന തുക കഴിച്ച് ബാക്കിയുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. അപ്രകാരം നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാനനഷ്ടമോ നേട്ടമോ ഉണ്ടായതായി കണക്കാക്കാനാവില്ല. |
| (സി) | നികുതി വരുമാനത്തിൽ ഇടിവുണ്ടാകുമ്പോൾത്തന്നെ സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വലിയ വർദ്ധവ് വഴി ജനങ്ങൾക്ക് ദുരിതം സമ്മാനിച്ച ഈ നികുതി സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ, ദുരുപയോഗം, അമിത നികുതി ഇവ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമ മായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |

**സെക്ഷൻ ഓഫീസർ**